LIBRARY ARCHIVES Kerala Legislative Assembly

1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി):* സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്തപ്രകാരമുള്ള 2004-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി *(ശ്രീ. ഡൊമിനിക് പ്രസന്റേഷൻ):* സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: സബ്ജക്ട്കമ്മിറ്റി റിപ്പോർട്ടുചെയ്തപ്രകാരമുള്ള 2004-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ .....

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(4) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്തപ്രകാരമുള്ള 2004-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ

Dr. Thomas Issac: Sir, I move that The Kerala Municipality (Third Amendment) Bill, 2004 as reported by the Subject Committee be circulated for obtaining public opinion.

മുനിസിപ്പാലിറ്റികൾക്ക് നികുതിയായി കിട്ടേണ്ട തുക വസൂലാക്കുന്നതിന് കാലതാമസം വന്നുകഴിഞ്ഞാൽ നിലവിലുള്ള വ്യവസ്ഥപ്രകാരം പ്രതിമാസം 2% പിഴ കൊടുക്കണം. അത് ഒരു ശതമാനമായി കുറയ്ക്കാനാണ് ഈ
3.00 P.M.] ബിൽ. കിട്ടേണ്ട തുക എന്താണ്? അതിനെപ്പറ്റി വളരെ വിപുലമായ നിർവ്വചനമാണ് നിലവിലുള്ള നിയമത്തിലുള്ളത്. സാധന വിലകൾ, നഷ്ട പ്രതിഫലങ്ങൾ, പിഴകൾ, നഷ്ടപരിഹാരങ്ങൾ, ചാർജ്ജുകൾ, ഫീസുകൾ, വാടകകൾ, അംശദായങ്ങൾ, നികുതികൾ ഇതെല്ലാംപെടും. അത് രണ്ട് ശതമാനത്തിൽനിന്ന് ഒരു ശതമാനമാക്കി കുറച്ചതിന്റെ കാരണമെന്താണ്? എനിക്ക് ഇതുവരെ മനസ്സിലായില്ല. എന്തുകൊണ്ട് കുറയ്ക്കുന്നു? നേരത്തെ

ഇതേക്കുറിച്ച് പറഞ്ഞത് പലിശനിരക്ക് കുറഞ്ഞു എന്നാണ്. രണ്ട് ശതമാനം വച്ച് പ്രതിമാസമുണ്ടെങ്കിൽ 24 ശതമാനമാകും. പലിശനിരക്ക് കുറഞ്ഞു അതുകൊണ്ട് കുറയ്ക്കുന്നു എന്നാണ് പറയുന്നത്. മുനിസിപ്പാലിറ്റിക്ക് കിട്ടാനുള്ള പണത്തിന് പലിശ മേടിക്കാനല്ല ഇത്. ഇത് പിഴപ്പലിശയാണ്. ഡിസ്-ഇൻസെന്റീവാണ്. അപ്പോൾ പലിശ കുറയുന്നതനുസരിച്ച് കുറയ്ക്കാൻ നിന്നാലോ? ഞങ്ങൾ നിയമസഭാംഗങ്ങൾക്ക് ആക്ഷൻ ടേക്കൺ റിപ്പോർട്ട് എന്ന First part of the Report of Second Finance Commission വിതരണം ചെയ്തിട്ടുണ്ട്. രണ്ടാം ധനകാര്യ കമ്മീഷന്റെ 9-ാം നിർദ്ദേശത്തിൽപ്പറയുന്നത് "9(12) In the case of licences permits ....." ഞാൻ പറഞ്ഞത് വളരെ വിപുലമായ നിർവ്വചനമാണുള്ളത് എന്നാണ് – "which are renewed periodically 25% of the licence fee may be collected as fine for delay beyond a grace period of 10 days ....." മാസം പോലുമല്ല, "and this penalty may be increased by 25% for every additional fortnight of delay" എന്നാണ് പറയുന്നത്. അപ്പോൾ പ്രതിമാസം രണ്ട് ശതമാനംവച്ച് വർഷം 24 ശതമാനം കൂടുതലാണ്. അത് കുറയ്ക്കണം എന്ന് ബില്ലിൽ പറയുമ്പോൾത്തന്നെ IInd Finance Commission-ന്റെ Action taken report -ൽ ഇതു സംബന്ധിച്ച്, licence and permits renew ചെയ്യുന്നത് സംബന്ധിച്ചുള്ള ഡിലേയിൽ 25 ശതമാനം deterrent ആയി ഈടാക്കുക എന്നുള്ള റെക്കമെന്റേഷനും സർക്കാർ അംഗീകരിച്ചിരിക്കയാണ്. രണ്ടാം ധനകാര്യ കമ്മീഷന്റെ പതിനൊന്നാമത്തെ റെക്കമെന്റേഷൻ "unpermitted diverse of the funds may be penalized by charging a penalty of 2% per month for the persons responsible" എന്ന നിർദ്ദേശം സർക്കാർ accept ചെയ്തു. അപ്പോൾ ഈ ധനകാര്യ കമ്മീഷന്റെ ശുപാർശയുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ച നിലപാടിന് ഘടകവിരുദ്ധമായ സമീപനമാണ് ഈ ബില്ലിൽ ഉള്ളത് എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതു മാത്രമല്ല, പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ – പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ കേന്ദ്ര ധനകാര്യ കമ്മീഷന്റെയാണ് – അതിന്റെ റെക്കമെന്റേഷൻസിൽ, Ministry for Urban Development Poverty Alleviation – അതിലെ നിർദ്ദേശങ്ങൾ എന്താണെന്നുവച്ചാൽ, "urban local bodies should be assigned separate list of taxes and any exemption from levy of properties and tax should be avoided" എന്നാണ്. ഇവിടെ വിമുക്ത ഭടൻമാർക്ക് നികുതി ഇളവ് ചെയ്തിരിക്കയാണ്. (ഈ ബില്ലിൽ അല്ല) എന്നാൽ അതിന്മേൽ ഒരു compensation-ഉം കൊടുക്കുന്നില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് ചർച്ച ചെയ്യുന്നില്ല. If any exemptions are given by the State Government. They should be adequately compensated. ഈ ബില്ലിലെ വ്യവസ്ഥപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കേണ്ട പണത്തിൽ കുറവു വരുമെന്നുള്ളതാണ് എന്റെ അഭിപ്രായം. യഥാർത്ഥത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പണം പിരിക്കുന്നത് ഇൻസെന്റീവുമായി ബന്ധപ്പെട്ടാണല്ലോ. നിങ്ങൾ ഇപ്പോൾ മൂന്നാം ധനകാര്യ കമ്മീഷനെ നിയോഗിച്ചിരിക്കുകയാണ്. ഈ മൂന്നാം ധനകാര്യ കമ്മീഷന്റെ Terms of reference-ൽ സർക്കാർ നിശ്ചയിച്ചിട്ടുള്ളത്, incentives for higher resource mobilisation and efficiency in resource use ആണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യഥാർത്ഥത്തിൽ ഈ ധനകാര്യ കമ്മീഷന്റെ തീർപ്പിനു വിടുന്നതല്ലേ ശരി? രണ്ടാം ധനകാര്യ കമ്മീഷന്റെ റെക്കമെന്റേഷൻസ് ഗവൺമെന്റ് പരിശോധിച്ചപ്പോൾ ഈ ബില്ലിൽ പറയുന്നതിന് വിരുദ്ധമായി നിലവിലുള്ള വ്യവസ്ഥകൾക്ക് അനുകൂലമായി പിഴ ഈടാക്കാം എന്ന് പ്രസ്താവിക്കാം. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത് എന്റെ ഭേദഗതിയിൽ പറയുന്നതുപോലെ ഈ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണം. വിശദമായി ചർച്ചചെയ്യണം. ഇന്ന് ഇവിടെ മുനിസിപ്പാലിറ്റികളുടെ വരുമാനത്തിന്റെ കാര്യം പറഞ്ഞു. ശ്രീ. എം.എം. ഹസ്സൻ അവിടെ ഇരിപ്പുണ്ടല്ലോ. അപ്പോൾ യു.ഡി.എഫ്. മെമ്പർമാരുടെയും ബാക്കിയുള്ളവരുടെയും പൊതുവായ സമീപനം പഞ്ചായത്ത്, മുനിസിപ്പാലിറ്റി എന്നു പറഞ്ഞാൽ അത് ഇടതുപക്ഷത്തിന്റേതാണ് എന്നാണ്. നാല് ചീത്ത പറഞ്ഞാൽ ഇപ്പുറത്ത് കിട്ടണം എന്ന മട്ടിലാണ്. പ്രതിപക്ഷത്ത് ഇരിക്കുമ്പോൾ അങ്ങനെ പറയുന്നത് മനസ്സിലാക്കാമായിരുന്നു, ഭരിക്കുമ്പോഴും ഇതുതന്നെയാണ്. ഒരു വ്യത്യാസവുമില്ല. സി.എ.ജി. റിപ്പോർട്ട് എടുത്താൽ പഞ്ചായത്തിൽ എന്തോ അഴിമതിയുണ്ട്, പ്രശ്നമുണ്ട്, ക്രമക്കേടുണ്ട്, കണക്ക് വച്ചിട്ടില്ല എന്നാണ്. അത് അപ്പുറത്ത് കൊള്ളും. സന്തോഷത്തോടുകൂടി ഏറ്റെടുക്കണം. ഒരിക്കലും ഇപ്പുറത്ത് അങ്ങനെ ഉണ്ടായിട്ടില്ല. ഞങ്ങൾ പ്രതിപക്ഷത്ത് ഇരിക്കുമ്പോഴും സർക്കാരിന്റെ തദ്ദേശ സ്വയംഭരണ വകുപ്പുകളെ വിമർശിച്ചിട്ടുണ്ട്. ഏതെങ്കിലുമൊരു പഞ്ചായത്തിന്റെയോ മുനിസിപ്പാലിറ്റിയുടെയോ ക്രമക്കേട് ചൂണ്ടിക്കാണിച്ചിട്ടുണ്ടോ? പക്ഷേ, കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശ്രീ. ഹസ്സൻ അടച്ച് ആക്ഷേപിച്ച നിലപാട് ഈ സഭയിലും സഭയ്ക്ക് പുറത്തും ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. വികസനത്തിന്റെ സമവായങ്ങളെക്കുറിച്ച് വാതോരാതെ പ്രസംഗിച്ച് ഇപ്പോൾ പ്രസിഡന്റ് വന്നതിന്റെ പേരിൽ സെപ്പറേറ്റ് ചർച്ച നടത്തുന്നവരല്ലേ നിങ്ങൾ? എന്തിന്റെ സമവായമാണ്? ഈ കേരളം ലോകം മുഴുവൻ പ്രകീർത്തിക്കുന്ന ..... ഇതിനുമുമ്പ് ഉണ്ടായിരുന്ന പ്രസിഡന്റ് സ്വാതന്ത്ര്യ സമരസന്ദേശത്തിൽ എടുത്തുപറഞ്ഞിട്ടുള്ള കാര്യം ഈ വികസന പരീക്ഷണം ..... ആ പരീക്ഷണം ഞങ്ങളുടെ വിമർശനമുണ്ടെങ്കിലും തുടരുമെന്ന് അവകാശപ്പെടുന്നവരാണ് നിങ്ങൾ. എന്നിട്ട് വളരെ ഹ്രസ്വമായ രാഷ്ട്രീയ നേട്ടത്തിനുവേണ്ടി, ഒരു കൈയടിക്കുവേണ്ടി എന്താണ് പറഞ്ഞു കൂട്ടിയത്? സി.എ.ജി.യുടെ റിപ്പോർട്ട് എന്റെ കൈയിലുണ്ട്. വേറെ പറയാൻ നിവൃത്തിയില്ലാത്തതുകൊണ്ട് ഇവിടെവച്ച് പറയുന്നു. സി.എ.ജി.യുടെ റിപ്പോർട്ടിൽ എന്തിനെക്കുറിച്ചാണ് പറയുന്നത്? വഴങ്ങാഞ്ഞതിനാൽ അപ്പോൾ ചോദിക്കാൻ പറ്റിയില്ല. ഇപ്പോൾ ഞാൻ വഴങ്ങാം. അങ്ങ് പറഞ്ഞാൽ മതി. സി.എ.ജി.യുടെ റിപ്പോർട്ടിൽ തുടങ്ങുന്നത് പഞ്ചായത്തുകൾ കണക്കിൽ റിട്ടേണുകൾ സമർപ്പിച്ചിട്ടില്ല; 4575 audit-ന്റെ കണക്ക് പെന്റിംഗ് ഉണ്ട് എന്നാണ്. ഏത് വർഷത്തേതാണ്? 2001-2002-ൽ 638 പഞ്ചായത്തുകളുണ്ട്. 2002-2003-ൽ 937 പഞ്ചായത്തുകൾ, 2003-2004-ൽ 1212 പഞ്ചായത്തുകൾ. ഇത് കാണിക്കുന്നത് എന്താണ്? നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നുപറയുന്നത് പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, ബ്ലോക്കുകൾ ഇതെല്ലാം ചേർത്താണ്. നമ്മുടെ ഇവിടുത്തെ അക്കൗണ്ടിംഗ് സിസ്റ്റത്തിൽ .....

ശ്രീ. എം. എം. ഹസ്സൻ: സർ, 7 കൊല്ലത്തേത് എ.ജി. ചൂണ്ടിക്കാണിച്ചതിൽ നാല് കൊല്ലം എൽ.ഡി.എഫ്. ഭരിച്ച കാലഘട്ടമാണ്. ആ സിസ്റ്റം കൊണ്ടുവന്നത് നിങ്ങളാണ്. ഈ 2 കൊല്ലമായിട്ട് അസെറ്റ്സിനെ സംബന്ധിച്ച് വ്യക്തമായി റെഗുലറൈസ് ചെയ്തുവരുന്നു എന്ന് എ.ജി. ചൂണ്ടിക്കാണിച്ചു. ഞാൻ അതേ പറഞ്ഞുള്ളൂ.

ഡോ. തോമസ് ഐസക്: സർ, 4578 ആഡിറ്റ് ഇയർ കുടിശ്ശികയുള്ളതിൽ 75% കഴിഞ്ഞ 3 വർഷത്തേതാണ്. അടുത്തത് അസെറ്റ്സിന്റെ കണക്കുണ്ടെന്ന് പറഞ്ഞല്ലോ? എ.ജി.യുടെ കണക്കിൽ പറയുന്നു, ഇപ്പോൾ ഉണ്ടായിരുന്ന 552 കോടി രൂപയുടെ അസെറ്റുകൾ 2002-03, 2003-04-ൽ ക്രിയേറ്റ് ചെയ്യപ്പെട്ടുവെങ്കിലും "details were not available for want of recipients - wise details of amount received and expenditure incurred" അതിനുതാഴെ, "deficiencies in Acts and Rules, budget manual, expenditure manual" എന്നു പറയുന്നുണ്ട്. അത് എന്തൊക്കെയാണ്? Account rules, budget manual ഈ കാര്യങ്ങളിലൊന്നും ഇതുവരെ ഒരു മാറ്റവും ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ഭേദഗതിചെയ്യാനും കഴിഞ്ഞിട്ടില്ല. 1967-ലെ സ്ഥിതി തന്നെ തുടരുന്നു എന്നാണ്. എന്നുവച്ച് പഞ്ചായത്തുകളെയൊക്കെ അടച്ച് ആക്ഷേപിക്കുന്നതല്ല. ഇവിടെ സമവായത്തെക്കുറിച്ച് പറയാറുണ്ടല്ലോ? നമ്മുടെ സംസ്ഥാനത്ത് ഒരുമിച്ചുചേർന്ന് ശക്തിപ്പെടുത്തേണ്ടുന്ന ഒരു നീക്കത്തെ താറടിക്കുന്നതിന് സി.എ.ജി റിപ്പോർട്ടെടുത്ത് ശ്രീ. എം. എം. ഹസ്സൻ വാദിക്കുകയല്ലേ?

ശ്രീ. സാജു പോൾ: സർ, ഇവിടെ പ്രസംഗിച്ച ഭരണകക്ഷി നേതാക്കളിൽ പലരും 1990-ലെ ജില്ലാ കൗൺസിൽ തെരഞ്ഞെടുപ്പിൽ തോറ്റു. 1991-ൽ നിയമസഭയിൽ വിജയിച്ചുവെന്നാണ് പറയുന്നത്. അതിൽ രാജീവ് ഗാന്ധി തോറ്റോ, ഉണ്ടോയെന്നത് വേറെ കാര്യം. അതുപോലെ ഈ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ തോൽക്കുകയും, നിയമസഭാ തെരഞ്ഞെടുപ്പിൽ ഉജ്ജ്വലവിജയം നേടുമെന്ന് പറയുന്ന ആളുകൾക്ക് പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന കോൺഗ്രസ്സ് പ്രവർത്തകർക്ക് പാവപ്പെട്ട ആളുകളോട് എത്രമാത്രം സ്നേഹമുണ്ടെന്ന് അതിൽനിന്ന് വ്യക്തമാകുമല്ലോ. പിന്നെ, അവരുൾപ്പെടെ അഴിമതി നടത്തി, കെടുകാര്യസ്ഥത കാണിച്ചു എന്നുപറയുന്നതിൽ വല്ല അർത്ഥവുമുണ്ടോ? ..... (ബഹളം) .....

ഡോ. തോമസ് ഐസക്: സർ, ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാനായി ഒരു കാര്യം വളരെ ആശങ്കാജനകമായി പറയുകയാണ്. ഞാൻ എതിർത്തത്, പിഴ ഒരു വരുമാനമാണ്, അത് ഇല്ലാതാകും എന്നതുകൊണ്ടാണ് മാത്രമല്ല, പണം കൃത്യസമയത്ത് അടയ്ക്കുന്നതിന് ഒരു disincentive ആണ്. ഈ പിഴ കുറയ്ക്കുന്നതിന്റെഫലമായി എന്തും സംഭവിക്കാം. ഞാൻ ഈ സഭയിൽ ഇരുന്ന് കണക്കുകൂട്ടിയിട്ട് എന്നെ വിസ്മയിപ്പിച്ച ഒരു കാര്യം ശ്രദ്ധയിൽപ്പെടുത്താം. അത് ശ്രീ. എം. എം. ഹസ്സൻ കൂടി കേൾക്കണം. എന്തെന്നുവച്ചാൽ താഴേക്ക് ഇത്രവലിയ തോതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പണം നൽകിയപ്പോൾ അവരുടെ

LIBRARY ARCHIVES Kerala Legislative Assembly

ഓൺ റിസോഴ്സ് മൊബിലൈസേഷന്റെ താൽപ്പര്യം കുറഞ്ഞുവെന്നുള്ളതാണ് ഇന്ദിരാ രാജാരാമനെപ്പോലുള്ള വിദ്വാന്മാരുടെ നിഗമനം. ഒരു വലിയ സ്കൂൾ ഉണ്ട്. അവർക്ക് ആ നിലപാടാണ്. കേരളത്തെക്കുറിച്ചാണ് അവരുടെ പഠനം എന്നാണ് പറയുന്നത്.

ശ്രീ. എം. എം. ഹസ്സൻ: ഒരു കാര്യം വിട്ടുപോയി. അതാണ്, Big Bank സമീപനമാണ് വികസനത്തിന് സ്വീകരിച്ച തന്ത്രം. അതിന്റെ ദൂഷ്യങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. താങ്കൾ അതിന് ഉത്തരവാദപ്പെട്ട ആളാണോ?

ഡോ. തോമസ് ഐസക്: ഞാൻ സി.എ.ജി.യുടെ സമീപനത്തെക്കുറിച്ച് ആ രീതിയിൽ സഭയിൽ കമന്റ് ചെയ്യണമെന്ന് ധരിച്ചിരുന്നില്ല. ശ്രീ. എം. എം. ഹസ്സൻ, സി.എ.ജി. ആഡിറ്റിംഗിന്റെ പ്രത്യേകതയെന്താണ്? വെറും കണക്കുനോക്കലല്ല. ഇതിന്റെ സമീപനം ശരിയായിരുന്നോ? ഇതിന്റെ ലക്ഷ്യമെന്തായിരുന്നു? ഉദ്ദേശിച്ച ലക്ഷ്യത്തെ ന്യായീകരിക്കാൻ ആ രീതിയിലുള്ള ആഴത്തിൽ നോക്കുന്നു എന്നുള്ളതാണ്. സി.എ.ജി റിപ്പോർട്ട് ഞാൻ സശ്രദ്ധം പഠിച്ചു. പഠിച്ചതിൽനിന്ന് എത്തിച്ചേർന്ന ആദ്യത്തെ നിഗമനം ഇവിടെ സഭയിൽ പലരും പറയുന്ന വെട്ടിപ്പിന്റെയും തട്ടിപ്പിന്റെയും കാര്യം ഈ റിപ്പോർട്ടിൽ ഇല്ല എന്നാണ് ഒന്നാമത്തേത്. രണ്ടാമത്തേത് ..... (ബഹളം) .....

ശ്രീ. എം. എ. വാഹീദ്: സർ, തിരുവനന്തപുരം കോർപ്പറേഷനിൽ നടന്ന അഴിമതികൾ സംബന്ധിച്ച് അതിന്റെ ആരംഭംമുതൽ ഞാൻ അതിനെ എതിർക്കുകയും സുപ്രീം കോടതിവരെ പോകുകയും ഇപ്പോഴും ആ കേസ് സുപ്രീം കോടതിയിൽ നിലനിൽക്കുകയും ചെയ്യുമ്പോൾത്തന്നെ സി.എ.ജി റിപ്പോർട്ടിൽ വളരെ വ്യക്തമായി അതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. അത് അങ്ങ് സമ്മതിക്കുമോ?

ഡോ. തോമസ് ഐസക്: ശ്രീ. എം. എ. വാഹീദ്, തിരുവനന്തപുരത്തല്ല, വേറെ ഏത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലാണെങ്കിലും അഴിമതി നടന്നാൽ കുറ്റക്കാരെ പിടിച്ച് ശിക്ഷിക്കണം. അതിനുള്ള സംവിധാനങ്ങൾ വേണം. അതിന് ഓംബുഡ്സ്മാന്റെ സംവിധാനമുണ്ട്. എന്നാൽ അതിന്റെ പ്രവർത്തനക്ഷമത നിങ്ങൾ ഇല്ലാതാക്കിയിരിക്കുകയാണ്. അപ്പോൾ ആ സംവിധാനങ്ങളിൽ അതിൽ നല്ലത് ഏതെന്ന് നോക്കി ഈ കേസ് എടുത്ത് ശിക്ഷിക്കേണ്ടവരെ ശിക്ഷിക്കുക. പി.എ.സി. ചെയർമാനെന്നനിലയിൽ ഞങ്ങളുടെ കമ്മിറ്റിയിൽ രണ്ടുമൂന്ന് വർഷമായി ഈ സർക്കാരിന്റെ പ്രവർത്തനത്തെക്കുറിച്ച് ഓരോ മേഖലയിലും വരുന്ന റിപ്പോർട്ടുകൾ വായിച്ചു തഴമ്പിച്ചതുകൊണ്ടാകാം സി.എ.ജി.റിപ്പോർട്ട് കണ്ടപ്പോൾ ഞാൻ ഞെട്ടാതിരുന്നത്.

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി *(ശ്രീ. ഡൊമിനിക് പ്രസന്റേഷൻ):* സർ, അങ്ങിവിടെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്ന ഓംബുഡ്സ്മാനെക്കുറിച്ച് പറഞ്ഞു. കൊച്ചി നഗരത്തിൽ കഴിഞ്ഞ രണ്ടുമൂന്നു മാസമായി ഒരു വലിയ വിവാദമുണ്ടായിരുന്നു. ഓംബുഡ്സ്മാൻ വേഴ്സസ് മേയർ. ഞാൻ അതിൽ ഒരിക്കലിടപെട്ട് അങ്ങനെയാകാൻ

LIBRARY ARCHIVES Kerala Legislative Assembly

പാടില്ലാത്തതാണെന്ന് അഡ്വൈസ് ചെയ്ത ആളാണ്. അത് അങ്ങ് അംഗീകരിക്കുന്നുണ്ടോ? മേയർ വേഴ്സസ് ഓംബുഡ്സ്മാൻ. അത് സംബന്ധിച്ച് വലിയ വിവാദമായിരുന്നു. ഓംബുഡ്സ്മാൻ വിളിച്ചാൽ മേയർ പോകില്ല. അങ്ങ് ഓംബുഡ്സ്മാന്റെ മഹിമ പറയുമ്പോഴും അങ്ങയുടെ പാർട്ടിക്കാരനായ മേയറും ഓംബുഡ്സ്മാനും തമ്മിലുള്ള വിവാദം ഓംബുഡ്സ്മാന്റെ പദവി കുറയ്ക്കാനിടയാക്കിയിട്ടില്ലേ? അതിനെക്കുറിച്ച് അങ്ങേക്ക് വല്ല അഭിപ്രായവുമുണ്ടോ?

ഡോ. തോമസ് ഐസക്: ഇങ്ങനെയുള്ള വിവാദങ്ങളും തർക്കങ്ങളും ഉണ്ടാകുമ്പോൾ ആ തർക്കങ്ങളൊക്കെ തീർക്കുന്നതിന് നിയമപരവും ഭരണപരവുമായ പോംവഴികളുണ്ട്. അതിലൂടെ നമുക്ക് പരിഹരിക്കണം. ഞാൻ പറയാൻ പോയത് ഇത് വളരെ താൽപ്പര്യത്തോടുകൂടി അക്കാഡമിക് ലോകം നോക്കുന്ന ഒരു കാര്യമാണ്. Untied grant-ന്റെ ഓൺ റിസോഴ്സ് മൊബിലൈസേഷന്റെ impact എന്തായിരിക്കും? അപ്പോൾ ഇത് സംബന്ധിച്ച് XII-ാം ധനകാര്യകമ്മീഷന് കേരള സർക്കാർ കൊടുത്ത കണക്കുകളുണ്ട്. അത് നോക്കിയപ്പോൾ മുനിസിപ്പാലിറ്റിയുടെ 1980-1981-ലെ വിലനിലവാരത്തിൽ 1990-1991-ലെ പ്രതിശീർഷ മുൻസിപ്പൽ വരുമാനം 24 രൂപയായിരുന്നു. 1997-98 ആയപ്പോഴേക്കും 20 രൂപ 96 പൈസയായി കുറഞ്ഞു. അധികാര വികേന്ദ്രീകരണം ആരംഭിക്കുന്നതുവരെ 1998-99-ൽ 24.58, 1999-2000-ൽ 28.98, 2000-01-ൽ 31.92 എന്നിങ്ങനെയാണ്. അധികാരവികേന്ദ്രീകരണത്തിന്റെ ആദ്യവർഷങ്ങളിൽ അതാണ് എം. എ. ഉമ്മന്റെ പഠനത്തിൽ ഉള്ളത്. യഥാർത്ഥത്തിൽ ആ കണക്കേ ലഭ്യമായിരുന്നുള്ളൂ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വയം പിരിച്ചിരുന്ന തുകയുടെ തോത് കുറഞ്ഞു. മുമ്പുണ്ടായിരുന്ന പ്രവണതയാണെങ്കിലും അത് സംഭവിച്ചു. ഇത് വച്ചിട്ട് പഞ്ചായത്തുകൾക്ക്, മുനിസിപ്പാലിറ്റികൾക്ക്, പണം ഇങ്ങനെ കൊടുത്തുകഴിഞ്ഞാൽ അവർ സ്വയം പണം പിരിക്കുന്ന താൽപ്പര്യം ഇല്ലാതാകും എന്നുള്ള വാദം ശക്തിപ്പെടുകയാണ്. എന്നാൽ അന്ന് ജനകീയാസൂത്രണത്തിൽ ബന്ധപ്പെട്ട ആളുകൾ പറഞ്ഞത് ഇത്തരത്തിൽ വലിയതോതിൽ പണം കൊടുക്കുമ്പോൾ ആ പണം ചെലവഴിക്കാനുള്ള മുഴുവൻ സംവിധാനങ്ങളും ഇല്ലാത്ത സാഹചര്യത്തിൽ ഇങ്ങനെ ഒരു വീഴ്ച വരും എന്നാണ്. പക്ഷേ, ഈ കേപ്പബിലിറ്റി വർദ്ധിച്ചുകഴിയുമ്പോൾ ഈ ആസൂത്രണത്തിന്റെ dynamics പണം സമാഹരിക്കുന്നതിന് മുനിസിപ്പാലിറ്റികളെ നിർബന്ധിതരാക്കിത്തീർക്കും. കേരളത്തിൽ കഴിഞ്ഞ ആറേഴ് വർഷത്തെ കണക്ക് എടുത്തുനോക്കിയാൽ മുനിസിപ്പാലിറ്റിയുടെ പ്രതിശീർഷ നികുതിവരുമാനം കൂടിയിരിക്കുകയാണ് എന്ന് കാണാം. സർ, ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്കു പറയാനുള്ളത്, ഈ പ്രവണതയെ ശക്തിപ്പെടുത്തേണ്ടതിനു പകരം ഇതിനെ തകർക്കുന്ന, തളർത്തുന്ന നിലപാടുകൾ സ്വീകരിക്കരുത് എന്നാണ്. വിമുക്തഭടന്മാരുടെ വീടുകൾ, കെട്ടിടങ്ങൾ എന്നിവയ്ക്ക് നികുതി ഇളവ് നൽകാം. നിങ്ങൾ കോമ്പൻസേറ്റ് ചെയ്യുന്നില്ല. മുനിസിപ്പാലിറ്റിയോടും കോർപ്പറേഷനോടും സംസാരിക്കുന്നില്ല. മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും പ്രധാനപ്പെട്ട വരുമാനമാർഗ്ഗമാണ് എന്റർടെയ്ൻമെന്റ് ടാക്സ്. എന്നാൽ സർക്കാർ നയത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഭാഗമായി ചിലപ്പോൾ ഇതിൽ ചില ഇളവുകൾ നൽകേണ്ടിവന്നേക്കാം. അതു കൊടുത്തോളൂ. പക്ഷേ, മുനിസിപ്പാലിറ്റിയോടും കോർപ്പറേഷനോടും ചർച്ചചെയ്തോ? ഇതുമൂലം അവർക്കുണ്ടാകുന്ന നഷ്ടം കോമ്പൻസേറ്റ്ചെയ്യാൻ തയ്യാറുണ്ടോ? ഇപ്പോഴാണെങ്കിൽ ഈ നികുതിയോ ഈടാക്കേണ്ട തുകയോ സമയത്ത് അടയ്ക്കുന്നില്ല. ഈടാക്കുന്ന പിഴ നിങ്ങൾ പൊതുവായിട്ട് പലിശ നിരക്കിന് സമമായിട്ട് ചുരുക്കുന്നു. അത് നിങ്ങൾ തീരുമാനിക്കുമ്പോൾത്തന്നെ, രണ്ടാം ധനകാര്യ കമ്മീഷൻ ശുപാർശകൾ നടപ്പാക്കുമെന്ന് പ്രഖ്യാപിക്കുകയാണ്. ഒരു കൈകൊണ്ട് ചെയ്യുന്നത് മറ്റേ കൈ എന്തെന്ന് അറിയുന്നില്ല. ശരിയായ ദിശാബോധം ഈ ബില്ലിൽ പ്രതിഫലിക്കുന്നില്ല. ഒരുപക്ഷേ, ഞാൻ പറയുന്നതിൽ പോരായ്മ ഉണ്ടാകാം. ചർച്ച ചെയ്യപ്പെടേണ്ടതുണ്ടാകാം. പക്ഷേ, എനിക്കു തോന്നുന്നത്, ഈ ബിൽ ഈ രീതിയിൽ വാശിപിടിച്ച് പാസ്സാക്കേണ്ട ആവശ്യമില്ല എന്നാണ്. കുറച്ചുകൂടി ചർച്ചചെയ്താൽ ഒരു കുഴപ്പവും സംഭവിക്കാൻ പോകുന്നില്ല. ഇത് പൊതു ജനാഭിപ്രായം നേടുന്നതിനായി അയച്ച് ഗൗരവമായിട്ട് പരിശോധിക്കണം. ഇത് അങ്ങ് കൊണ്ടുവന്നതല്ല. അങ്ങു വന്നപ്പോൾ ബില്ലായിട്ടിരിക്കുന്നതാണ്. ഇത് സർക്കാരിന്റെ നയത്തിന് വിരുദ്ധമാണ്. ഇത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാനം കുറയ്ക്കുന്നതിനുമാത്രമേ ഇടയാക്കുകയുള്ളൂ. ഈ ബിൽ പാസ്സാക്കണമെങ്കിൽ, എന്റെ ഒരു നിർദ്ദേശമെന്നു പറയുന്നത്, പ്രൊഫഷണൽ ടാക്സിൽ വീഴ്ചവന്നാൽ ഒരു ശതമാനം വാങ്ങിച്ചാൽ മതി. 50,000 രൂപ വരെ നിങ്ങൾ ഒരു ശതമാനമാക്കിക്കോളൂ. വീഗാലാൻഡൊക്കെ ഏഴും എട്ടും കോടി രൂപ കൊടുക്കണം. അവരുടെ പിഴപ്പലിശ കുറയ്ക്കണം. ഒരു സ്ലാബ് സിസ്റ്റമെങ്കിലും ഇതിന്റെ റേറ്റിൽ കൊണ്ടുവരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, സബ്ജക്ട്കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2004-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട്കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി):* സർ, ഇവിടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാനം കുറയ്ക്കണമെന്ന ഒരുദ്ദേശവുമില്ല. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരവും വിഭവങ്ങളും കൈമാറണമെന്നാണ് ഈ ഗവണ്മെന്റ് ആഗ്രഹിക്കുന്നത്, അതുപോലെ ഈ ഗവണ്മെന്റിന്റെ മന്ത്രിയായ ഞാനും ആഗ്രഹിക്കുന്നത്. അതിനുള്ള വഴികളെക്കുറിച്ച് ഗൗരവമായി ഞങ്ങൾ ആലോചിച്ചുകൊണ്ടിരിക്കുകയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തണമെന്ന് നിർബന്ധബുദ്ധിയുള്ള ഒരാളാണ് ഡോ. തോമസ് ഐസക്. അതനുസരിച്ചാണ് അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ ഇവിടെ വന്നത്. തീർച്ചയായും അവ മാനിക്കപ്പെടേണ്ടതാണ്. ഒരു കാര്യം എനിക്കു പറയാനുള്ളത്, ഇതിനെക്കുറിച്ച് വളരെ കാര്യമായി ഞാൻ പഠനം നടത്തിയപ്പോൾ ഒരുപാട് ടാക്സ് ഗവണ്മെന്റിന് കിട്ടാനുണ്ടെന്ന് മനസ്സിലായി. രണ്ടു ശതമാനം പലിശ എന്നത് ഈടാക്കാൻ കഴിയാത്ത ഒന്നാണ്. രണ്ടു

LIBRARY ARCHIVES Kerala Legislative Assembly

ഭാഗവും നമ്മൾ നോക്കേണ്ടതാണ്. ഗവണ്മെന്റിന് ജനങ്ങളോടാണ് അക്കൗണ്ടബിലിറ്റിയുള്ളത്. ഏതു സ്ഥാപനവും കൊണ്ടുപോകുമ്പോൾ ജനങ്ങളുടെമേൽ അധികഭാരം വച്ചുകൊടുക്കാതിരിക്കാൻ ശ്രദ്ധിക്കണം. അദ്ദേഹം പറഞ്ഞ ഒരു കാര്യം ശരിയാണ്. ടാക്സ് അടയ്ക്കാനുള്ള ഒരു പ്രോൽസാഹനമായി, അല്ലെങ്കിൽ ടാക്സ് അടയ്ക്കാതിരിക്കാനുള്ള പ്രവണതയില്ലാതാക്കാൻ രണ്ടു ശതമാനം എന്നത് ഉപകരിക്കും. ഇപ്പോൾ ടാക്സ് അടയ്ക്കാത്ത ഒരവസ്ഥയിലാണുള്ളത്. പല മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളും പരിശോധിച്ചുനോക്കിയപ്പോൾ രണ്ടു ശതമാനം പലിശവച്ച് ടാക്സ് പിരിച്ചെടുക്കാൻ കഴിയാത്ത അവസ്ഥയിലാണ്. അതു സംബന്ധിച്ച് ജനങ്ങളിൽനിന്ന് ധാരാളം പരാതികളും ലഭിച്ചു. അതിന്റെ അടിസ്ഥാനത്തിൽ അവരുടെ മേൽ വലിയ ഭാരം കയറ്റിവയ്ക്കാതിരിക്കാനുള്ള വഴി എന്താണെന്ന് അന്വേഷിച്ചിട്ടാണ്, പഞ്ചായത്തുകൾ വളരെപ്പെട്ടെന്ന് ഇത് പിരിച്ചെടുക്കാനുള്ള ഒരു വഴിയെന്നനിലയിലും ഒരു സമന്വയത്തിന്റെ പാത സ്വീകരിച്ചുകൊണ്ടുമാണ് ഈ ബിൽ കൊണ്ടുവന്നത്. അത് അദ്ദേഹത്തിന് അറിയാം. പഞ്ചായത്തുകളുടെ വരുമാനം കുറയ്ക്കാൻ ഞാൻ ഒരു ശ്രമവും നടത്തുകയില്ല എന്ന കാര്യം അദ്ദേഹത്തിനറിയാം. ഗവണ്മെന്റ് ഈ കാര്യം വളരെയധികം ആലോചിച്ചശേഷമാണ് പഞ്ചായത്തുകൾക്ക് കൂടുതൽ വരുമാനമുണ്ടാക്കാനുള്ള ശ്രമമെന്നനിലയിൽ, ഈ വരുമാനം വളരെ പെട്ടെന്ന് കിട്ടാനുള്ള ഒരു വഴിയെന്നനിലയിൽ ഇത് ഒരു ശതമാനമാക്കിയത്. വൺ ടൈം സെറ്റിൽമെന്റ് വഴി പിഴപ്പലിശ ഒഴിവാക്കിക്കൊടുക്കുന്ന കാര്യങ്ങളൊക്കെ ചെയ്തത് പ്രായോഗികമായി കുടിശ്ശിക കിട്ടട്ടെ എന്നു കരുതിയാണ്. രണ്ടാം ധനകാര്യ കമ്മീഷന്റെ കാര്യം അദ്ദേഹം പറഞ്ഞു. നിയമസഭ പാസ്സാക്കിയ ഒരു ആക്ടിൽ ഭേദഗതി വരുത്താനുള്ള അധികാരം നിയമസഭയ്ക്കുണ്ട്. ഗവണ്മെന്റ് രണ്ടാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശങ്ങൾ മുഴുവൻ അംഗീകരിച്ചു എന്നുവച്ച് നിയമസഭയ്ക്ക് അതിൽ ഭേദഗതി വരുത്താതിരിക്കാനുള്ള അവകാശം ഇല്ലാതാകുന്നില്ല. വളരെ പരിശോധിച്ചുതന്നെയാണ് കാര്യങ്ങൾ ചെയ്തത്. പഞ്ചായത്തുകൾക്ക് കഴിഞ്ഞകാലത്തൊന്നും ഇല്ലാത്തവിധത്തിൽ മെയിന്റനൻസ് ഗ്രാന്റ് കൊടുത്തു. അദ്ദേഹം ആവശ്യപ്പെട്ടതുപോലെ ഈ വർഷം ചെലവാക്കാത്ത തുക ചെലവാക്കാനായി കാലാവധി മേയ് വരെ നീട്ടി. 85% വരെ ചെലവുചെയ്യാൻ കഴിയാവുന്ന വിധത്തിൽ പഞ്ചായത്തുകളെ സഹായിച്ചിട്ടുണ്ട്. ഇനിയും ഒരുപാട് കാര്യങ്ങളിൽ പഞ്ചായത്തുകൾക്ക് അധികാരം കൈമാറാനുള്ള നടപടിയിലാണ് ഗവണ്മെന്റ്. തീർച്ചയായും പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരവും വിഭവങ്ങളും കൊടുക്കുന്ന കാര്യത്തിൽ ഗവണ്മെന്റ് പ്രതിജ്ഞാബദ്ധമാണെന്ന് അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഡോ. തോമസ് ഐസക്, അങ്ങ് അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ഡോ. തോമസ് ഐസക്: പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: ഡോ. തോമസ് ഐസക് അവതരിപ്പിച്ച ഭേദഗതി അംഗീകരിക്കണമെന്ന പ്രശ്നം സംബന്ധിച്ച് .....

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഭേദഗതി സഭ നിരാകരിച്ചു.

മി. സ്പീക്കർ: ശ്രീ. കോവൂർ കുഞ്ഞുമോൻ, അങ്ങ് അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കോവൂർ കുഞ്ഞുമോൻ: പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. കോവൂർ കുഞ്ഞുമോൻ അവതരിപ്പിച്ച ഭേദഗതി അംഗീകരിക്കണമെന്ന പ്രശ്നം സംബന്ധിച്ച് .....

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഭേദഗതി സഭ നിരാകരിച്ചു.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്തപ്രകാരമുള്ള 2004-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നം സംബന്ധിച്ച് .....

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

രണ്ടാം വകുപ്പ്

ശ്രീ. എം. വി. ജയരാജൻ: സർ, 74-ാം നമ്പർ ഭേദഗതി ക്രമാനുസൃതമല്ല. എങ്കിലും ഞാൻ സംസാരിക്കാൻ ആഗ്രഹിക്കുന്നു. രണ്ടു ശതമാനം ടാക്സ് ഒരു ശതമാനമാക്കുമ്പോൾ മുനിസിപ്പാലിറ്റിയുടെ വരുമാനം കുറയില്ല എന്നാണ് പറയുന്നത്. ഇതിൽ ഒരു പ്രായോഗികമായ സമീപനമെങ്കിലും അങ്ങേക്ക് എടുക്കാമായിരുന്നില്ലേ? നിശ്ചിത തുകവരെയുള്ളത് പിഴപലിശ കുറച്ചിട്ട് നിശ്ചിത

LIBRARY ARCHIVES Kerala Legislative Assembly

തുകയ്ക്ക് കൂടുതലുള്ള നികുതി തരാനുള്ളത് രണ്ടു ശതമാനവും എന്ന ഒരു പ്രായോഗിക സമീപനംപോലും സ്വീകരിക്കാതെ മുനിസിപ്പാലിറ്റിയുടെ വരുമാനം കുറയ്ക്കുന്നതിന് തയ്യാറാകുന്നത് ശരിയാണോ? ഇവിടെ വന്നിട്ടുള്ള ഭേദഗതികളിൽ 50,000 രൂപ വരെയുള്ള സീലിംഗ് എങ്കിലും ഏർപ്പെടുത്തുന്ന ഒരു ഭേദഗതിയെങ്കിലും അങ്ങ് സ്വീകരിക്കുമോ?

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(83) ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിന്റെ വകുപ്പ് 538 (2)-ൽ "പ്രതിമാസം ഒരു ശതമാനം നിരക്കിലുള്ള പിഴ" എന്നീ വാക്കുകൾക്ക് പകരം "പ്രതിമാസം അരശതമാനം നിരക്കിലുള്ള പിഴ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(84) ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിന്റെ വകുപ്പ് 538 (2)-ൽ "പ്രതിമാസം ഒരു ശതമാനം നിരക്കിലുള്ള പിഴ" എന്നീ വാക്കുകൾക്ക് പകരം "ഇരുപതിനായിരം രൂപയ്ക്ക് മുകളിലുള്ള കുടിശ്ശികയ്ക്ക് രണ്ടു ശതമാനവും, അതിൽ താഴെയുള്ള കുടിശ്ശികയ്ക്ക് പ്രതിമാസം ഒരു ശതമാനവും നിരക്കിലുള്ള പിഴ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

സർ, 20,000 രൂപയ്ക്ക് മുകളിലുള്ള കുടിശ്ശികയ്ക്ക് രണ്ടു ശതമാനം എന്നതാക്കിയിട്ട് അതിനു താഴെയുള്ളത് ഒരു ശതമാനമായിട്ട് കൊടുക്കാമെന്നാണ് എന്റെ ഭേദഗതിയിൽ പറയുന്നത്.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(85) ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിന്റെ വകുപ്പ് 538 (2) -ൽ "പ്രതിമാസം ഒരു ശതമാനം നിരക്കിലുള്ള പിഴ" എന്ന വാക്കുകൾക്ക് പകരം "പ്രതിമാസം ഒന്നര ശതമാനം നിരക്കിലുള്ള പിഴ" എന്ന് ഭേദഗതി ചെയ്യുക.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(93) ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിന്റെ 538-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിൽ "പ്രതിമാസം ഒരു ശതമാനം" എന്നതിനു പകരം "ഒരു വർഷത്തിനോ അതിന്റെ ഭാഗത്തിനോ ആറു ശതമാനം" എന്നീ വാക്കുകൾ ചേർക്കുക.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(94) ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിന്റെ 538-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിൽ "പ്രതിമാസം ഒരു ശതമാനം" എന്നതിനു പകരം "ഒരു വർഷത്തിനോ അതിന്റെ ഭാഗത്തിനോ ഒമ്പത് ശതമാനം" എന്നീ വാക്കുകൾ ചേർക്കുക.

സർ, മുമ്പ് പിഴ പലിശ 24% ഒരു വർഷം കിട്ടത്തക്ക രീതിയിൽ ആക്കിയിരുന്നത് ശ്രീ. വി. ജെ. തങ്കപ്പന്റെ കാലത്താണ്. അതുകൊണ്ടാണ് എല്ലായ്പ്പോഴും എല്ലാ കാര്യങ്ങളും സാധാരണക്കാർക്കുവേണ്ടി കുറയ്ക്കണമെന്ന് പറയുന്നകൂട്ടർ ഇപ്പോൾ സീലിംഗ് വച്ച് കുറച്ചുകഴിഞ്ഞാൽ കൂട്ടിക്കൂടേ എന്നൊക്കെയുള്ള ചോദ്യം വരുത്തുന്നത്. പണം ഇല്ലാത്തവർ കുടിശ്ശിക വരുത്തുന്നു. അതുകൊണ്ട് രണ്ടു ശതമാനം ഒരു ശതമാനമാക്കിയിട്ടില്ല. 24 രൂപ എന്നുള്ളത് 100-ന് 12 രൂപയായിട്ട് കുറഞ്ഞിട്ടുണ്ട്. അത്രയും നല്ലത്. പക്ഷേ, ബ്ളേഡ് കമ്പനിക്കാരാണ് സാധാരണഗതിയിൽ പ്രതിമാസം എന്നു പറഞ്ഞ് പലിശ വാങ്ങിക്കുന്നത്. നമ്മുടെ ബില്ലിലാകുമ്പോൾ പ്രതിമാസം വേണ്ട, പ്രതിവർഷം ഇത്ര ശതമാനം എന്നുള്ളത് മതി. 100-ന് ഒരു വർഷം ഇത്ര എന്നു പറയുന്നതാണ് കണക്ക്. ആ നിലയ്ക്ക് പ്രതിവർഷം 9% എന്നു പറഞ്ഞ് ഒന്നുംകൂടി കുറച്ചാൽ കൊള്ളാമെന്നുള്ളതാണ് എന്റെ ഭേദഗതി. മാസം എന്നുള്ളത് വർഷമായിട്ട് കണക്കുകൂട്ടണം.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി):* സർ, ഇവിടെ പറഞ്ഞ ഉദ്ദേശങ്ങളൊക്കെ നല്ലതുതന്നെ. പക്ഷേ, ഭേദഗതികൾ സ്വീകരിക്കാൻ നിർവ്വാഹമില്ല. ശ്രീ. എം. വി. ജയരാജൻ പറഞ്ഞതുപോലെ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും ഒരു ശതമാനമാക്കുമ്പോൾ കുറയുകയില്ല എന്നു ഞാൻ പറഞ്ഞിട്ടില്ല. രണ്ടു ശതമാനം ഒരു ശതമാനമാക്കുമ്പോൾ കുറയുമെന്നുള്ള കാര്യം തീർച്ചയാണ്. പക്ഷേ, ഇവിടെ പിരിച്ചെടുക്കാൻ കഴിയാവുന്നവിധത്തിൽ ഒരു നടപടി എടുക്കുക എന്നുള്ളതാണ്. തൽക്കാലം അതു കുറയ്ക്കാൻ നിർവ്വാഹമില്ല.

ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 83-ാം നമ്പർ ഭേദഗതിയും വി. ഡി. സതീശൻ അവതരിപ്പിച്ച 93-ാം നമ്പർ ഭേദഗതിയും പ്രൊഫ. സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 94-ാം നമ്പർ ഭേദഗതിയും സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

മി. സ്പീക്കർ: ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 84-ാം നമ്പർ ഭേദഗതി അംഗീകരിക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച് .....

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെ പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി).

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ — 18

1. ശ്രീ. എ. എ. അസീസ്
2. ,, കോടിയേരി ബാലകൃഷ്ണൻ
3. ,, ബിനോയ് വിശ്വം
4. ,, വി. കെ. ചന്ദ്രൻ
5. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
6. ശ്രീ. എം. വി. ജയരാജൻ
7. ,, എം. കുമാരൻ
8. ,, കോവൂർ കുഞ്ഞുമോൻ
9. ,, വി. കെ. സി. മമ്മത്കോയ
10. ,, മത്തായി ചാക്കോ
11. ,, എ. സി. മൊയ്തീൻ
12. ,, സി. കെ. നാണു
13. ,, എം. പ്രകാശൻ മാസ്റ്റർ
14. ,, കെ. രാധാകൃഷ്ണൻ
15. ,, കെ. പി. രാജേന്ദ്രൻ
16. ,, സാജു പോൾ
17. ,, കെ. പി. സതീശ്ചന്ദ്രൻ
18. ഡോ. തോമസ് ഐസക്

പ്രതികൂലിക്കുന്നവർ —28

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ,, കളത്തിൽ അബ്ദുള്ള
3. ,, കെ. ബാബു
4. ,, ബാബു ദിവാകരൻ
5. ,, പി. കെ. കെ. ബാവ
6. ,, കെ. എ. ചന്ദ്രൻ
7. ,, ഡൊമിനിക് പ്രസന്റേഷൻ
8. ,, എം. എം. ഹസ്സൻ
9. ,, കെ. സി. ജോസഫ്
10. ,, ജോസഫ് എം. പുതുശ്ശേരി
11. ,, പി. ജെ. ജോയി
12. ,, ഉമ്മൻ ചാണ്ടി

LIBRARY ARCHIVES Kerala Legislative Assembly

13. ശ്രീ. അടൂർ പ്രകാശ്
14. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
15. ,, കെ. കുട്ടി അഹമ്മദ് കുട്ടി
16. ,, ലൂഡി ലൂയിസ്
17. ,, സി. മമ്മൂട്ടി
18. ,, ഇ. ടി. മുഹമ്മദ് ബഷീർ
19. ,, സി. മോയിൻകുട്ടി
20. ,, ആര്യാടൻ മുഹമ്മദ്
21. ,, കെ. കെ. ഷാജു
22. പ്രൊഫ. കെ. വി. തോമസ്
23. ശ്രീ. എൻ. ശക്തൻ
24. ,, വി. ഡി. സതീശൻ
25. പ്രൊഫ.സാവിത്രി ലക്ഷ്മണൻ
26. ശ്രീ. തോമസ് ചാഴികാടൻ
27. ,, എം. എ. വാഹീദ്
28. ,, കെ. സി. വേണുഗോപാൽ

നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ — 18

പ്രതികൂലിക്കുന്നവർ — 28

നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 84-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ അവതരിപ്പിച്ച 85-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, 73-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

(73) ഖണ്ഡം 1 (2) താഴെ പറയുംപ്രകാരം മാറ്റിയെഴുതുക:

"(2) ഇത് 2005 ഏപ്രിൽ മാസം 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്."

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി):* ഭേദഗതി സ്വീകാര്യമല്ല. ശ്രീ. ജോസഫ്. എം. പുതുശ്ശേരി അവതരിപ്പിച്ച 73-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി):* സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്തപ്രകാരമുള്ള 2004-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി *(ശ്രീ. ഡൊമിനിക് പ്രസന്റേഷൻ):* സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്തപ്രകാരമുള്ള 2004-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

[അദ്ധ്യക്ഷവേദിയിൽ മി. ചെയർമാൻ ശ്രീ. പി. ജെ. ജോയി]

(5) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്തപ്രകാരമുള്ള 2005-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 2005-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. നേരത്തെ ഇവിടെ ഞങ്ങളുടെ രണ്ട് മെമ്പർമാർ ശ്രീ. എം. വി. ജയരാജനും ശ്രീ. എ. കെ. ബാലനും സംസാരിച്ച കാര്യങ്ങൾ ആവർത്തിക്കുകയല്ല, അതിൽ ഒന്നുരണ്ട് വിശദാംശം അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകാനും ചിലത് ഈ ബില്ലിന്റെ ചർച്ചയിൽ അംഗീകരിക്കാനുംവേണ്ടി കൂടിയാണ് ഞാൻ ഒന്നുരണ്ട് കാര്യങ്ങൾ സൂചിപ്പിക്കുന്നത്. സുപ്രീംകോടതിയിലുണ്ടായ കേസിൽ സുപ്രീംകോടതി ചൂണ്ടിക്കാണിക്കാത്ത അല്ലെങ്കിൽ പറയാത്ത കാര്യമാണ്. നിയമസഭയിലേക്കും പാർലമെന്റിലേക്കും

LIBRARY ARCHIVES Kerala Legislative Assembly